ലഭിച്ചതുകൊണ്ട് ബോർഡിന്റെ വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ചില വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകിയത്.

(സി) വൻകിട എച്ച്.ടി. കച്ചവട സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നില്ല. എൽ.ടി. VII(A)/VII(B) വാണിജ്യവിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകുന്നതു വഴി ബോർഡിന്റെ വരുമാനത്തിൽ പ്രതിവർഷം ഏകദേശം 10.64 കോടി രൂപയുടെ കുറവ് വരുമെന്ന് കണക്കാക്കുന്നു.

(ഡി) കുടിവെള്ള വിതരണം, ആശുപത്രികൾ, അനാഥാലയങ്ങൾ, കൃഷിക്കാർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് താരതമ്യേന കുറഞ്ഞ നിരക്കുകളാണ് ഈടാക്കി വരുന്നത്.

(ഇ) ഇപ്പോൾ ആലോചിച്ചിട്ടില്ല.

## എം. എൽ. എ. റോഡുകളുടെ നിർമ്മാണപ്രവർത്തനം

17 [*56] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ട് റോഡ് എന്ന ക്രമത്തിൽ എം. എൽ. എ.മാരിൽ നിന്നും എഴുതി വാങ്ങിയ റോഡുകളുടെ നിർമ്മാണപ്രവർത്തനത്തിന് ധനകാര്യ വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ട് റോഡ് എന്ന ക്രമത്തിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) ബാധകമല്ല.

## ഇലക്ട്രിസിറ്റി ആക്ട് 2003

18 [*57] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്നു മുതലാണ് ഈ നിയമം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly